പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2902 | 13.7.2015 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടി -ഓങ്ങല്ലൂർ അബ്ദുൾ ഖാദറിന്റെ മരണം.**

ചോദ്യം
ശ്രീ.വി.ചെന്താമരാക്ഷൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) പാലക്കാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിലേക്ക് മുഖ്യമന്ത്രിയെ കാണാൻ രോഗശയ്യയിൽ നിന്നും കൂട്ടിക്കൊണ്ടുപോയ ഓങ്ങല്ലൂർ കാരക്കാട് പനങ്ങര കുന്നംകുളത്തിങ്കൽ അബ്ദുൾഖാദർ യാത്രാമധ്യേ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) രോഗശയ്യയിൽ കിടക്കുന്നവരെ ജനസമ്പർക്ക പരിപാടിയിലേക്ക് വിളിച്ച് വരുത്തുന്ന രീതി അവസാനിപ്പിക്കാനും ഇത്തരമാളുകളുടെ അപേക്ഷകളിൽ ജനസമ്പർക്ക പരിപാടി നടക്കുന്നതുവരെ താമസിപ്പിക്കാതെ ആശ്വാസം എത്തിക്കാനും നടപടി സ്വീകരിക്കുമോ ; | ബി) ജനസമ്പർക്ക പരിപാടി 'കരുതൽ 2015' ൽ രോഗശയ്യയിൽ കിടക്കുന്നവരെ കൊണ്ടുവന്ന് ബുദ്ധിമുട്ടിക്കരുതെന്ന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. മാത്രമല്ല അപേക്ഷ നൽകിയ ഇത്തരം ആളുകളുടെ വീടുകളിൽ പ്രത്യേകം നിയമിച്ച ഓഫീസർമാർ, ഡോക്ടറുടെ സഹായത്തോടെ നേരിൽ ചെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനുള്ള സംവിധാനം ഒരുക്കിയിരുന്നു. |
| സി) യാത്രാമധ്യേ മരണപ്പെട്ട അബ്ദുൾ ഖാദറിന്റെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കാമോ? | സി) ബന്ധപ്പെട്ടവരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ